തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ആഡിറ്റ്

53 (1108) ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ 1997-98 സാമ്പത്തിക വർഷത്തെ കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നൽകേണ്ട അവസാനതീയതി എന്നായിരുന്നു ;

(ബി) പ്രസ്തുത തീയതി കഴിഞ്ഞിട്ടും വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാത്ത എത്ര ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പാലിറ്റികളും ഉണ്ട് ;

(സി) ഇതുവരെയും വാർഷിക കണക്കുകൾ ഒരിക്കൽപോലും ഓഡിറ്റിന് സമർപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 1997-98 സാമ്പത്തിക വർഷത്തെ കണക്കുകൾ ഇതുവരെയും ഓഡിറ്റിന് നൽകാത്ത സ്ഥാപനങ്ങളുടെ അധികാരികളുടെ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ ; എങ്കിൽ എത്ര സ്ഥാപനങ്ങളിൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിൽ ഏതെങ്കിലും സ്ഥാപനങ്ങളുടെ മേലാധികാരികളുടെ പേരിൽ കോടതി മുഖേന നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ പേരിൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-7-1998 ആണ് 1997-98 വർഷത്തെ കണക്ക് ഹാജരാക്കാനുള്ള അവസാന തീയതി.

(ബി, സി, ഡി & ഇ) വിവരം ശേഖരിച്ചു വരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന മൂലധന ചെലവിനുള്ള തുക

54 (1109) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99, 1999-2000 എന്നീ ഓരോ വർഷങ്ങളിലും ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും പദ്ധതി ഇനത്തിൽ അനുവദിച്ച തുക എത്രയാണ് ;

(ബി) മൂലധന ചെലവിനുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി റവന്യൂ അക്കൗണ്ടിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത ഓരോ വർഷവും എന്തു തുക വീതം ഇപ്രകാരം ക്യാപിറ്റൽ അക്കൗണ്ടിൽനിന്നും റവന്യൂ അക്കൗണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പദ്ധതി ഇനത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകകളുടെ വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.†

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി മൂലധന ചെലവുകൾക്കുള്ള തുക ഉൾപ്പെടെയുള്ള തുകകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നത് റവന്യൂ അക്കൗണ്ടിലാണ്.

(സി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ട പരിപാടികൾക്ക് അനുവദിക്കുന്ന തുകയിൽ മൂലധന ചെലവിനങ്ങൾ ഉൾപ്പെടുന്നതിനു പുറമെ ഈ സ്ഥാപനങ്ങൾക്ക് പദ്ധതിസഹായമായി നൽകുന്ന മൊത്തം തുകയിലും മൂലധന ചെലവിനങ്ങൾക്കുള്ള വിഹിതം ഉൾപ്പെടുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പദ്ധതികൾ വിഭാവന ചെയ്തു നടപ്പിലാക്കുന്നതിനാൽ മൂലധനചെലവിനുള്ള തുക കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയില്ല.

ടാറിന്റെ ദൗർലഭ്യം

55 (1110) ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനം നേരിടുന്ന ടാറിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ധനകാര്യവകുപ്പിനോട് എന്തു തുകയുടെ സാമ്പത്തിക സഹായമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ ആവശ്യപ്രകാരം സാമ്പത്തിക സഹായം നല്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) അനുവാദം ലഭിച്ചിട്ടുള്ള മരാമത്തു പ്രവൃത്തികൾ സമയത്ത് പൂർത്തീകരിക്കാൻ കഴിയുവിധം ടാർ വാങ്ങുന്നതിന് ഫണ്ട് നൽകുമോ ?

ഉത്തരം

(എ) 47.77 കോടി രൂപ

(ബി) 20 കോടി രൂപ അനുവദിച്ചു കഴിഞ്ഞു.

(സി) 10 കോടി രൂപ കൂടി 2000 ജനുവരിയിൽ നല്കുന്നതാണ്.

---

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[22-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത 54 (1109)-ാം നമ്പർ ചോദ്യം ദയവായി കാണുക]

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

1997-98 വർഷം

	പദ്ധതി ധനസഹായം	സംസ്ഥാന പദ്ധതി	100% കേന്ദ്രാവിഷ്കൃത പദ്ധതി	50% കേന്ദ്രാവിഷ്കൃത പദ്ധതി	ആകെ
			(രൂപ കോടിയിൽ)		
കോർപ്പറേഷൻ	33. 37	1. 94	0. 22	0. 00	35. 53
മുനിസിപ്പാലിറ്റി	62. 50	31. 28	3. 82	0. 05	97. 65
ജില്ലാ പഞ്ചായത്ത്	123. 94	56. 92	9. 65	0. 85	191. 36
ബ്ലോക്ക് പഞ്ചായത്ത്	108. 70	99. 27	135. 24	15. 55	358. 76
ഗ്രാമ പഞ്ചായത്ത്	420. 49	75. 16	42. 40	4. 50	542. 55
ആകെ	749. 00	264. 57	191. 33	20. 95	1225. 85

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

1998-99 വർഷം

	പദ്ധതി ധനസഹായം	സംസ്ഥാന പദ്ധതി	100% കേന്ദ്രാവിഷ്കൃത പദ്ധതി	50% കേന്ദ്രാവിഷ്കൃത പദ്ധതി	ആകെ
			(രൂപ കോടിയിൽ)		
കോർപ്പറേഷൻ	40. 30	12. 31	5. 00	0. 30	57. 91
മുനിസിപ്പാലിറ്റി	82. 47	7. 10	11. 40	1. 35	102. 32
ജില്ലാ പഞ്ചായത്ത്	142. 67	22. 79	5. 16	0. 00	170. 62
ബ്ലോക്ക് പഞ്ചായത്ത്	135. 02	84. 77	5. 16	7. 59	232. 54
ഗ്രാമ പഞ്ചായത്ത്	549. 54	41. 02	24. 04	0. 00	614. 60
ആകെ	950. 00	167. 99	50. 76	9. 24	1177. 99

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

1999-2000 വർഷം

	പദ്ധതി ധനസഹായം	സംസ്ഥാന പദ്ധതി	100% കേന്ദ്രാവിഷ്കൃത പദ്ധതി	50% കേന്ദ്രാവിഷ്കൃത പദ്ധതി	ആകെ
			(രൂപ കോടിയിൽ)		
കോർപ്പറേഷൻ	44. 06	0. 28	0. 00	0. 00	44. 34
മുനിസിപ്പാലിറ്റി	88. 13	1. 40	0. 00	0. 00	89. 53
ജില്ലാ പഞ്ചായത്ത്	148. 39	16. 18	5. 16	0. 00	169. 73
ബ്ലോക്ക് പഞ്ചായത്ത്	144. 41	49. 84	5. 16	1. 09	200. 5
ഗ്രാമ പഞ്ചായത്ത്	595. 01	20. 20	24. 04	0. 00	639. 25
ആകെ	1020. 00	87. 90	34. 36	1. 09	1143. 35

അനുബന്ധം-VII

[22-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത 80 (1135)-ാം നമ്പർ ചോദ്യം ദയവായി കാണുക]

Copy of the Lr. No. PC2-13996/97 dated. 29-04-1998 from the Principal Chief Conservator of Forest (D&P), Thiruvananthapuram addressed to the Divisional Forest Officer, Thiruvananthapuram.

Sub:- Sand Collection from Kulathupuzha Range for NTPC Kayamkulam - request from Sri. K.C. Ravindran- reg.

Ref:- Your letter No. G1-5487/97 dtd. 25-04-1998

Please refer to the above Government have already approved Sankily in Kulathupuzha Range for sand collection. Government have also sanctioned sale of sand to NTPC Contractor as per 4800/C2/98/F&WLD dated. 27-03-1998.

Similarly the request on hand also may be considered and sale of sand to the applicant allowed on production of recommondation letter from NTPC. He may be asked to get a letter of recommendation from TPC. On getting the same also of sand to the applicant may be allowed subject to availability.

Yours faithfully

(sd)

Principal Chief Conservator of Forests (D&P)

LIBRARY ARCHIVES Kerala Legislative Assembly